# INDIAN SCHOOL AL WADI AL KABIR

| CLASS: VII | DEPARTMENT: MALAYALAM | DATE: 25-05-2023 |
|---|---|---|
| Worksheet No: 2 | Lessons: 3 to 5 | Topic: Letters & Words |

I) ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരങ്ങൾ കണ്ടെത്തുക .

1) സോളമൻ ചക്രവർത്തി ഏതു ദേശത്തെ രാജാവായിരുന്നു ?

( പാലസ്തീനിലെ , റോമിലെ , ഇസ്രായേലിലെ )

2) രണ്ടു സ്ത്രീകളെയും ഒരു കൈകുഞ്ഞിനെയും രാജസദസ്സിൽ ഹാജരാക്കിയത് ആരാണ് ?

( മന്ത്രിമാർ , ഭടൻമാർ , അനുയായികൾ )

3) "ഇവർ പറയുന്നതത്രയും കള്ളമാണ് ; ഇതെന്റെ കുഞ്ഞാണ് മഹാരാജാവേ" ഇങ്ങനെ പറഞ്ഞതാരാണ് ?

( രണ്ടാമത്തെ സ്ത്രീ , ഒന്നാമത്തെ സ്ത്രീ , രാജ്ഞി )

4) രാജാവ് ആരുടെ വാദങ്ങളാണ് ക്ഷമയോടെ കേട്ടത് ?

( സാമാജികരുടെ , സേവകരുടെ , രണ്ടു സ്ത്രീകളുടെ )

5) എന്തിനാണ് അതിബുദ്ധിമാനായ സോളമൻ ചക്രവർത്തി പോലും വിഷമിച്ചത് ?

( കുഞ്ഞിന്റെ യഥാർത്ഥ അമ്മയെ കണ്ടെത്താൻ , കുഞ്ഞിനെ ആശ്വാസിപ്പിക്കാൻ , കള്ളന്മാരെ കണ്ടെത്താൻ )

6) രാജാവിന്റെ അന്തിമ തീരുമാനത്തിനായി കാതോർത്തിരുന്നത് ആരാണ് ?

( സാമാജികർ , പ്രജകൾ , കുടുബാംഗങ്ങൾ )

7) രാജാവിന്റെ അന്തിമ വിധി എങ്ങനെയുള്ളതായിരുന്നു ?

( നീതിയില്ലാത്ത വിധി , അന്യായ വിധി , നീതിപൂർവ്വകമായ  വിധി )

8) മലയാളസാഹിത്യത്തിലെ മുഴുത്ത ചിരി എന്നറിയപ്പെടുന്ന സാഹിത്യകാരൻ ആരാണ് ?

( ചെറുശ്ശേരി , കുഞ്ചൻനമ്പ്യാർ , പൂന്താനം )

9) കുഞ്ചൻനമ്പ്യാർ ഏതു കലാരൂപത്തിലൂടെയാണ് ഏവരെയും ചിരിപ്പിച്ചത് ?

( തുള്ളൽ , കൂടിയാട്ടം , കഥകളി )

10) ഏതു രാജാവിന്റെ ആശ്രിതനായിരുന്നു കുഞ്ചൻനമ്പ്യാർ ?

(മാർത്താണ്ഡവർമ്മയുടെ , സ്വാതിതിരുനാളിന്റെ , രാമവർമ്മയുടെ )

11) മാർത്താണ്ഡവർമ്മ മഹാരാജാവ് എവിടേക്കാണ് എഴുന്നള്ളിയത് ?

( കായംക്കുളത്തേയ്ക്ക് , കൊച്ചിയിലേക്ക് , അമ്പലപ്പുഴയിലേക്ക് )

12) ആരാണ് നാണിച്ചു താഴ്ത്തിയത് ?

( രാജാവ് , പരിവാരങ്ങൾ , അമ്പലവാസികൾ )

13) ''നല്ല കയ്പ്പുണ്ട് മഹാരാജാവേ... പഞ്ചാരയുടെ കയ്പ് അടിയന് ഇഷ്ടമാണ് ''

ഇങ്ങനെ പറഞ്ഞ് പായസം വലിച്ചു കുടിച്ചതാരാണ് ?

( മഹാരാജാവ് , കുഞ്ചൻനമ്പ്യാർ , പണ്ഡിതർ )

14) ആരാണ് കുഞ്ഞിനെ വെട്ടിമുറിക്കാൻ വാളുമായി എത്തിയത് ?

( സ്ത്രീകൾ , സാമാജികർ , ഭടന്മാർ )

15) ചക്രവർത്തി ആരുടെ കൈയിലേക്കാണ് കുഞ്ഞിനെ ഏല്പിച്ചത് ?

( യഥാർത്ഥ അമ്മയുടെ കൈയിൽ , ജനങ്ങളുടെ കൈയിൽ ,

രണ്ടാമത്തെ സ്ത്രീയുടെ കൈയിൽ )

ഉത്തരങ്ങൾ (Answers)

1) ഇസ്രായേലിലെ 2) ഭടൻമാർ 3) രണ്ടാമത്തെ സ്ത്രീ 4) രണ്ടു സ്ത്രീകളുടെ

5) കുഞ്ഞിന്റെ യഥാർത്ഥ അമ്മയെ കണ്ടെത്താൻ 6) സാമാജികർ

7) നീതിപൂർവ്വകമായ വിധി 8) കുഞ്ചൻനമ്പ്യാർ 9) തുള്ളൽ

10) മാർത്താണ്ഡവർമ്മയുടെ 11) അമ്പലപ്പുഴയിലേക്ക് 12) പരിവാരങ്ങൾ

13) കുഞ്ചൻനമ്പ്യാർ 14) ഭടന്മാർ 15) യഥാർത്ഥ അമ്മയുടെ കൈയിൽ

***